Draft #1 of File 51220/AC A1-2/2024/AC A 1 Approved by REGISTRAR (i/c) on 04-Jun-2024 10:08 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

നമ്പർ.51220 /AC A1-2/2024/AC A1 04.06.2024

**പരിപത്രം**

| | |
|---|---|
| വിഷയം : | ഉന്നത വിദ്യാഭ്യാസം - സ്ത്രീകളുടെയും, കുട്ടികളുടെയും, ട്രാൻസ് ജൻഡറുകളുടെയും, ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി - മൊഹിയ പർവീൺ ജീവനൊടുക്കിയ സംഭവം - വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിയ്ക്കുന്നതിന് ഉതകും വണ്ണം നടപടികൾ സ്വീകരിയ്ക്കുന്നത് സംബന്ധിച്ച്. |

സൂചന :- സർക്കാർ കത്ത് നം.കെ1/105/2024/HEDN തീയതി 07.50.2024.

ഗാർഹിക പീഡനത്തെത്തുടർന്ന് ആലുവ സ്വദേശിയായ മൊഫിയ പർവീൺ ജീവനൊടുക്കിയ സംഭവത്തെ തുടർന്ന് സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ് ജൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026) സ്വമേധയാ സ്വീകരിച്ച പരാതിയിൽ, വിദ്യാസമ്പന്നരായ വിദ്യാർത്ഥികൾക്കിടയിൽ പോലും ഗാർഹിക പീഡനത്തെത്തുടർന്നുള്ള ആത്മഹത്യാ പ്രവണത വർധിച്ചുവരുന്ന സാഹചര്യത്തിൽ, കോളേജുകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇത് സംബന്ധിച്ച അവബോധം നൽകേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും, കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രീമാരിറ്റൽ കൗൺസിലിങ് നിർബന്ധമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. ആയതിനാൽ എല്ലാ കോളേജുകളിലും/ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്ക് "പ്രീമാരിറ്റൽ കൗൺസിലിങ്" നൽകുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിയ്ക്കണമെന്ന് നിർദ്ദേശം നൽകുന്നു. ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ നടപടികൾ സംബന്ധിച്ച് സർവ്വകലാശാലക്കു റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

MAHATMA GANDHI UNIVERSITY • KOTTAYAM

Dr. Jayachandran K.
Registrar-in charge

ഉള്ളടക്കം : നമ്പർ . കെ1/105/2024/HEDN തീയതി 07.05.2024

പകർപ്പ്

1. അഫിലിയേറ്റഡ് കോളേജുകൾ/ഡിപ്പാർട് മെന്റ് /സെന്റേഴ്സ്
2. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫിസർ എന്നിവരുടെ പി.എ.മാർ
4. എ.ആർ1 (അക്കാദമിക്)/ഡി.ആർ1 (അക്കാദമിക്)/ജെ.ആർ2 (ഭരണം)/എ .ടി .ആർ
5. പി.ആർ.ഒ./ഫ്രണ്ട് ഓഫീസ്/ ഐ.ക്യൂ.എ .സി / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

07-05-2024,തിരുവനന്തപുരം

നമ്പർ. കെ1/105/2024/HEDN

**പ്രേഷകൻ**

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

**സ്വീകർത്താവ്**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, തിരുവനന്തപുരം.
4. ഡയറക്ടർ,കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം
5. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
6. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, തിരുവനന്തപുരം -3
7. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
8. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാള സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, കൊല്ലം
9. മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഉന്നതവിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം
10. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, കോട്ടയം-686 585

**സർ,**

**വിഷയം:-** ഉന്നത വിദ്യാഭ്യാസ വകുപ്പ്- സ്ത്രീകളുടേയും ട്രാൻസ്ജെന്ററുകളുടേയും കുട്ടികളുടേയും ഭിന്നശേഷിക്കാരുടേയും ക്ഷേമം സംബന്ധിച്ച സമിതി- മൊഫിയ പർവീൺ ജീവനൊടുക്കിയ സംഭവം- റിപ്പോർട്ട് ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന:- കേരള നിയമസഭാ സെക്രട്ടറിയേറ്റിൽ നിന്നുള്ള 16.4.2024 ലെ 19420/ഡബ്ല്യു.റ്റി.സി &ഡി.സി1/2021/നി.സെ നമ്പർ കത്ത്

ഗാർഹിക പീഡനത്തെ തുടർന്ന് ആലുവ സ്വദേശിയായ മൊഫിയ പർവീൺ ജീവനൊടുക്കിയ സംഭവം സ്ത്രീകളുടേയും ട്രാൻസ്ജെന്ററുകളുടേയും കുട്ടികളുടേയും ഭിന്നശേഷിക്കാരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026) സ്വമേധയാ സ്വീകരിച്ച പരാതിയിൽ, വിദ്യാസമ്പന്നരായ വിദ്യാർത്ഥിനികൾക്കിടയിൽ പോലും ഗാർഹിക പീഡനത്തെ തുടർന്നുള്ള ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നുണ്ടെന്നും കോളേജുകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇത് സംബന്ധിച്ച് അവബോധം നൽകേണ്ടത്

Draft #1 of File 51220/AC A1-2/2024/AC A 1 Approved by REGISTRAR (i/c) on 04-Jun-2024 10:08 PM - Page 3

I/6186480/2024

അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രീമാരിറ്റൽ കൗൺസിലിംഗ് നിർബന്ധമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. ആയതിനാൽ പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ശ്രീദേവി പി എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Sobha D

Date: 07-05-2024 15:28:13

സെക്ഷൻ ഓഫീസർ.

Draft #1 of File 51220/AC A1-2/2024/AC A 1 Approved by REGISTRAR (i/c) on 04-Jun-2024 10:08 PM - Page 4